JANAYUGAM - 26-06-2025

# ഐസിഎആർ സിഫ്റ്റിൽ ദേശീയ ശില്പശാല ഇന്ന്

കൊച്ചി: കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റിൽ മത്സ്യ മേഖലയിലെ നിരീക്ഷണങ്ങളെ കുറിച്ചുള്ള (ട്രിസിബിലിറ്റി ഇൻ ഫിഷറീസ്)ദേശീയ ശില്പശാല ഇന്ന്. കേന്ദ്ര ഫിഷറീസ് വകുപ്പ് ജോയിന്റ് സെക്രട്ടറി സാഗർ മെഹ്റ ശില്പശാല ഉദ്ഘാടനം ചെയ്യും. ഏഷ്യൻ ഫിഷറീസ് സൊസൈറ്റിയുടെ ഇന്ത്യൻ ബ്രാഞ്ചുമായി സഹകരിച്ചാണ് സിഫ്റ്റ് ഏകദിന ദേശീയ ശില്പശാല സംഘടിപ്പിക്കുന്നത്.

മത്സ്യവിപണന ശൃംഖലകളിൽ ട്രേസബിലിറ്റി നടപ്പിലാക്കുന്നതിനുള്ള ഫ്ലോചാർട്ട് രൂപപ്പെടുത്തൽ, അനുയോജ്യമായ സാങ്കേതികവിദ്യകൾ തെരഞ്ഞെടുക്കൽ, ട്രേസബിലിറ്റി സംവിധാനത്തിൽ ഉൾപ്പെടുത്തേണ്ട പ്രധാന വിവരങ്ങളും ഭക്ഷ്യസുരക്ഷാ ഡാറ്റയും നിർണ്ണയിക്കൽ എന്നിവയാണ് ശില്പശാലയുടെ പ്രധാന ലക്ഷ്യങ്ങൾ. കേന്ദ്ര-സംസ്ഥാന ഫിഷറീസ് വകുപ്പുകൾ, ഐസിഎആർ ഗവേഷണ സ്ഥാപനങ്ങൾ, എഫ്എസ്എസ്എഐ, എംപിഇഡിഎ, ഇഐസി, എൻജിഒകൾ, അക്കാദമിക് സ്ഥാപനങ്ങൾ, സമുദ്രോത്പന്ന വ്യവസായങ്ങൾ എന്നിവയിൽ നിന്നുള്ള വിദഗ്ധർ ശില്പശാലയിൽ പങ്കെടുക്കും.